(ബി) കൂടിയൊഴിപ്പിക്കുന്ന കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാൻ എന്തു നടപടികളാണ് ഗവൺമെന്റ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ ജലസ്ത്രോതസ്സുകളെപ്പറ്റിയുള്ള സാധ്യതാപഠനത്തിന്റെ ഭാഗമായി പെരിഞ്ഞൻകുട്ടിയിലും പഠനം നടത്തുകയുണ്ടായി. അല്ലാതെ പെരിഞ്ഞാൻകുട്ടി പദ്ധതി എന്നൊരു പദ്ധതി വിഭാവനം ചെയ്തിട്ടില്ല.

**86 (610) വ്യാജ സോൾവൻസി സർട്ടിഫിക്കറ്റ് നൽകിയവർക്കെതിരെ നടപടി**

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യു വകുപ്പു ഉദ്യോഗസ്ഥന്മാർ ഭൂമിയുടെ യഥാർത്ഥവിലയേക്കാൾ ഉയർന്നവില നിർണ്ണയിച്ച് തെറ്റായി സോൾവൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു വെളിപ്പെടുത്താമോ;

(ബി) വ്യാജ സോൾവൻസി സർട്ടിഫിക്കറ്റ് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇപ്രകാരമൊരു വാർത്ത ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ ഇക്കാര്യത്തെക്കുറിച്ചു അന്വേഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കുറ്റക്കാരാണെന്ന് തെളിയുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

**87 (611) "പ്രകൃതിക്ഷോഭം മൂലം ദുരിതമനുഭവിക്കുന്നവർക്കുള്ള ധനസഹായം"**

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കടലാക്രമണവും പ്രകൃതിക്ഷോഭവും കാരണം ഈ വർഷം ഭവനരഹിതരായവർക്കും തൊഴിൽ നഷ്ടപ്പെട്ടവർക്കും എന്തെല്ലാം ആശ്വാസ പദ്ധതികൾ സർക്കാർ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇപ്രകാരം ഭവനരഹിതരായവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സൗജന്യറേഷൻ നൽകുന്നതിന് ഉത്തരവായിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഈ വർഷത്തെ കാലവർഷക്കെടുതിയും പ്രകൃതിക്ഷോഭവും മൂലമുണ്ടാകുന്ന ദുരിതം ലഘൂകരിക്കുന്നതിനായി ഓരോ ജില്ലയ്ക്കും

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ എത്ര രൂപ വീതം അനുവദിച്ചു നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഇ) സഹായധനം ഫലപ്രദമായ രീതിയിൽ ദുരിതമനുഭവിക്കുന്നവർക്ക് ലഭിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ വർഷത്തെ കാലവർഷക്കെടുതിയിൽ എത്രപേർക്ക് ജീവഹാനി സംഭവിച്ചു; എത്ര പേരെ കാണാതായി;എത്ര കുടുംബങ്ങൾ ഭവനരഹിതരായി; വിശദവിവരം വെളിപ്പെടുത്തുമോ;

(ജി) മരണമടഞ്ഞവരുടേയും, കാണാതായവരുടേയും, പരിക്കേറ്റവരുടെയും ആശ്രിതർക്ക് ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭവും കടലാക്രമണവുംമൂലം ഭവനരഹിതരായവരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്കും മറ്റ് സൗകര്യപ്രദമായ ഇടങ്ങളിലേക്കും താൽകാലികമായി മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. ഇവർക്ക് ഭക്ഷണവും വൈദ്യസഹായവും സൗജന്യമായി നൽകിയിട്ടുണ്ട്. വീട് പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് വീട് പുനർനിർമ്മാണത്തിനായി 15,000/- രൂപ മൂന്നു ഗഡുക്കളായി നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നൽകിവരുന്നു.

(ബി) വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് 4സെന്റ് സ്ഥലം നൽകി പുനരധിവസിപ്പിക്കാനാണ് വ്യവസ്ഥയുള്ളത്.

(സി) ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, ചേർത്തല, കാർത്തികപ്പള്ളി താലൂക്കുകളിലെ കാലാവർഷക്കെടുതിമൂലം ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കാത്തതും യഥാർത്ഥത്തിൽ ദുരിതമനുഭവിക്കുന്നതുമായ ദരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഒരാഴ്ചത്തെ സൗജന്യറേഷൻ അനുവദിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിലെ കടലാക്രമണംമൂലം ദുരിതമനുഭവിക്കേണ്ടിവന്ന 194 കുടുംബങ്ങൾക്ക് ഒരാഴ്ചത്തെ സൗജന്യറേഷൻ (അരിവിഹിതം മാത്രം) വിതരണം ചെയ്തു. കോഴിക്കോട് ജില്ലയിലെ നാലു കുടംബങ്ങൾക്കും തൃശ്ശൂർ ജില്ലയിലെ 15-ഉം വയനാട് ജില്ലയിലെ ആറും കുടുംബങ്ങൾക്കും ഒരാഴ്ചയത്തെ സൗജന്യറേഷൻ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിൽ പൊൻമുടി,ബോണക്കാട് എന്നീ തോട്ടം മേഖലയിലെ ദുരിതബാധിതർക്കും ഒരാഴ്ചത്തെ സൗജന്യറേഷൻ അനുവദിച്ചിട്ടുണ്ട്.

(ഡി) അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഇടുക്കി, ആലപ്പുഴ ജില്ല ഒഴികെയുള്ള ജില്ലകൾക്ക് 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയ്ക്ക് 65 ലക്ഷം രൂപയും ആലപ്പുഴ ജില്ലയ്ക്ക് 95 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഇ) ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലാണ് ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തിവരുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ നാശനഷ്ടങ്ങളും മറ്റും നേരിൽ പരിശോധന നടത്തിയതിനുശേഷം അവരുടെ ശുപാർശ പരിഗണിച്ചാണ് വീടുകൾ നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും ധനസഹായം അനുവദിക്കുന്നത്.

(എഫ്) ഈ വർഷത്തെ കാലവർഷക്കെടുതിയിൽ 31 പേർ മരണമടഞ്ഞു. ഇതിൽ 25 പേർ മുതിർന്നവരും 6 പേർ കുട്ടികളുമാണ്. എട്ടുപേരെ ഇതു

LIBRARY ARCHIVES Kerala Legislative Assembly

വരെ കാണാതായി. ഇതിൽ മത്സ്യബന്ധനത്തിനായി കടലിൽപോയ കണ്ണൂർ ജില്ലയിലെ 2 പേരെ കണ്ടുകിട്ടാനുണ്ട്. 515 കുടുംബങ്ങൾ ഭവനരഹിതരായി. മരണമടഞ്ഞവരുടെയും പൂർണ്ണമായും വീട് നശിച്ചവരുടെയും വിവരങ്ങൾ;

| ജില്ല | മരണമടഞ്ഞവർ | പൂർണ്ണമായും നശിച്ച വീടുകൾ |
|---|---|---|
| തിരുവനന്തപുരം | 1 | 21 |
| കൊല്ലം | - | 24 |
| പത്തനംതിട്ട | - | 17 |
| ആലപ്പുഴ | 2 | 39 |
| കോട്ടയം | 2 | 18 |
| ഇടുക്കി | - | 169 |
| എറണാകുളം | 1 | 29 |
| തൃശ്ശൂർ | - | 13 |
| പാലക്കാട് | 1 | 24 |
| മലപ്പുറം | 2 | 27 |
| കോഴിക്കോട് | 5 | 75 |
| വയനാട് | 1 | 24 |
| കണ്ണൂർ | 9 | 13 |
| കാസർഗോഡ് | 4+3 | 22 |
| | 31 | 515 |

(ജി) പ്രകൃതിക്ഷോഭംമൂലം ദുരിതമനുഭവിക്കുന്നവർക്ക് ധനസഹായം നൽകുന്നതിനായി ഇടുക്കി, ആലപ്പുഴ ഒഴികെയുള്ള ജില്ലകൾക്ക് അടിയന്തിര ധനസഹായമായി 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയ്ക്ക് 65 ലക്ഷം രൂപയും ആലപ്പുഴ ജില്ലയ്ക്ക് 95 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മരണമടഞ്ഞ മുതിർന്നവരുടെ അനന്തരാവകാശികൾക്ക് 30,000/ രൂപ വീതവും, കുട്ടികളുടെ കുടുംബത്തിന് 10,000/- രൂപ വീതവും പരിക്കേറ്റവർക്ക് സർക്കാർ ആശുപത്രിയിൽ ചികിത്സ ലഭ്യമല്ലെങ്കിൽ പരമാവധി 1,500/- രൂപവരെയും നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നൽകി വരുന്നു.

**88 (612) കാലവർഷക്കെടുതികൾക്ക് ഇരയായവർക്ക് സഹായം**

<u>ശ്രീ. വി. ബാലറാം</u> :

<u>ശ്രീ. കെ.പി. വിശ്വനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ കാലവർഷത്തിൽ ഇതുവരെ എത്ര പേർ മരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്ര വീടുകൾ വീതം ഭാഗികമായും പൂർണ്ണമായും തകർന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) എത്ര കുടുംബങ്ങളെ കാലവർഷക്കെടുതി ബാധിച്ചു;

(ഡി) മരിച്ചവരുടെ ആശ്രിതർക്കും വീട് തകർന്നവർക്കും കാലവർഷക്കെടുതി ബാധിച്ചവർക്കും എന്തെല്ലാം സഹായം നൽകിയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 31 പേർക്ക് ജീവഹാനി സംഭവിച്ചു.

LIBRARY ARCHIVES Kerala Legislative Assembly